# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 305 — 26.02.2018 — ൽ മറുപടിക്ക്

## റേഷൻ കാർഡിൽ പേരുചേർക്കാൻ സമയപരിധി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ആർ. രാജേഷ് : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) പുതുതായി റേഷൻകാർഡ് എടുക്കുന്നതിനും റേഷൻകാർഡിൽ പേരു ചേർക്കുന്നതിനുമുള്ള സമയപരിധി പുതുക്കി നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഇല്ലെങ്കിൽ പുതിയ അപേക്ഷകൾ സ്വീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദ വിവരം ലഭ്യമാക്കുമോ? | (എ) യും (ബി) യും | നിലവിൽ ഒരിടത്തും റേഷൻ കാർഡിൽ പേരില്ലാത്തവർക്ക് 15.02.2018 മുതൽ റേഷൻ കാർഡുകൾക്കുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റ്, റേഷൻ കടകൾ, താലൂക്ക് സപ്ലൈ ഓഫീസുകൾ, പഞ്ചായത്ത്, വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്ന് ലഭ്യമാകുന്ന അപേക്ഷയോടൊപ്പം താഴെ പറയുന്നവ സഹിതം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br><br>1) റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്<br>2) റിഡക്ഷൻ സർട്ടിഫിക്കറ്റ്/സറണ്ടർ സർട്ടിഫിക്കറ്റ്/ നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റ്<br>3) വരുമാന സർട്ടിഫിക്കറ്റ്<br>4) ആധാറിന്റെ പകർപ്പുകൾ<br>5) ഗൃഹനാഥയുടെ പാസ്പോർട്ട് സൈസ് വലിപ്പത്തിലുള്ള രണ്ട് കളർ ഫോട്ടോ<br><br>നിലവിലുള്ള റേഷൻകാർഡുകളിൽ തിരുത്തൽ വരുത്തുക, പുതുതായി ആളുകളെ ചേർക്കുക, നിലവിലുള്ള ആളുകളെ ഒഴിവാക്കുക തുടങ്ങിയവ നിലവിൽ ഒരു റേഷൻ കാർഡിലും പേരില്ലാത്തവരുടെ അപേക്ഷയ്ക്ക് ശേഷം പരിഗണിക്കുന്നതാണ്. |

*സെക്ഷൻ ഓഫീസർ*